## ലിറ്റിൽ കൈറ്റ്സ് ക്യാമ്പ് റിപ്പോർട്ട്



വിവര വിനിമയ സാങ്കേതികവിദ്യാ രംഗത്ത് കുട്ടികൾ സ്വാഭാവികമായി പ്രകടിപ്പിക്കുന്ന താത്പര്യത്തെ പരിപോഷിപ്പിക്കുന്നതിനും അവർക്ക് ആവശ്യമായ മൂല്യങ്ങളും സംസ്കാരവും വളർത്തുന്നതിനും വേണ്ടി പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി സ്കൂളിൽ രൂപീകരിച്ച ലിറ്റിൽ കൈറ്റ്സ് പുതിയ ബാച്ചിന്റെ (2020- 2023 ) ഏകദിന ക്യാമ്പ് കൊല്ലം വിമല ഹൃദയ സ്കൂളിൽ വച്ച് 29/01/ 2022 ൽ നടത്തുകയുണ്ടായി. ക്യാമ്പിന്റെ ഉത്ഘാടന യോഗം രാവിലെ കൃത്യം 9.30 മണിക്ക് എച്ച്.എം ശ്രീമതി മേരികുട്ടി ടീച്ചറുടെ അധ്യക്ഷതയിൽ ആരംഭിച്ചു.



ഡെപ്യൂട്ടി എച്ച് .എം ശ്രീമതി ഫ്ലോറൻസ് നൈറ്റിംഗേൽ, എസ്.ഐ.ടി.സി ശ്രീമതി ആശ, റോസ്മേരി ജോയിന്റ് എസ്.ഐ.ടി.സി, ലിറ്റിൽ കൈറ്റ്സ് മിസ്ട്രസുമാരായ സിസ്റ്റർ ജോസ്ലിൻ, നിമി ജോൺ എന്നിവരും പ്രസ്തുത യോഗത്തിൽ പങ്കെടുത്തു. കുട്ടികളുടെ പ്രാർത്ഥനാ ഗാനത്തോടെ ഉത്ഘാടന



ചടങ്ങ് ആരംഭിച്ചു. ശ്രീമതി നിമി സ്വാഗതപ്രസംഗം നടത്തുകയും തുടർന്ന് എച്ച്. എം ഡെപ്യൂട്ടി എച്. എം എന്നിവർ ആശംസാപ്രസംഗം നടത്തി. ലിറ്റിൽകൈറ്റ്സ് യൂണിറ്റ്ക്യാമ്പി'ന്റെ പ്രസക്തി സിസ്റ്റർ ജോസ്ലിൻ കുട്ടികൾക്ക് വിശദീകരിച്ചു. കുമാരി നേഹ ഷംനാദ് നന്ദി പ്രകാശിപ്പിച്ച കൊണ്ട് ഉത്ഘാടന യോഗം അവസാനിപ്പിച്ചു.



പ്രസ്തുത യോഗത്തിൽ തന്നെ ലിറ്റിൽ കൈറ്റ്സ് ലീഡറായി നിരഞ്ജിനിയെ തിരഞ്ഞെടുക്കുകയുണ്ടായി. തുടർന്ന് കുട്ടികളെ ഗ്രൂപ്പായി തരംതിരിക്കുന്നതിന് വേണ്ടി ഗെയിംസിനായി കമ്പ്യൂട്ടറിന്റെ അടുത്തേക്ക് വിളിച്ചു. കമ്പ്യൂട്ടറിൽ തെളിഞ്ഞുവന്ന തൊപ്പികളുടെ നിറത്തിന്റെ അടിസ്ഥാനത്തിൽ




**,റെഡ്, വൈറ്റ്, ബ്ലൂ,ഗ്രീൻ, എൽലോ** എന്നീ അഞ്ചു ഗ്രൂപ്പുകളായി തരം തിരിച്ചു. ഓരോ ഗ്രൂപ്പിനും ഗ്രൂപ്പ് നെയിം, ഗ്രൂപ്പ് ലീഡർ നൽകി അതിനുശേഷം ഓരോ ഗ്രൂപ്പിൽ നിന്നും രണ്ട് കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് ബോൾ ഹെഡ് ഗെയിം ആരംഭിച്ചു. ഗെയിമിൽ വൈറ്റ് ഹൗസ് വിജയിയായി. കൊല്ലം സബ് ജില്ലാ കോഡിനേറ്റർ കവിത ടീച്ചർ ക്യാമ്പ് സന്ദർശിച്ചു. ഗെയിമിന് ശേഷം സിസ്റ്റർ ജോസ്ലിൻ ആനിമേഷൻ വീഡിയോ



അവതരിപ്പിക്കുന്നു.വിദ്യാർഥികൾ വീഡിയോ ശ്രദ്ധിക്കുന്നു. പോയിന്റുകൾ എഴുതാനുള്ള നിർദേശം നൽകുന്നു.എഴുതിയ പേപ്പറുകൾ ആർപിയും സഹ ആർപിയും വിലയിരുത്തുന്നു.

ഗ്രൂപ്പിന് കിട്ടിയ സ്കോറുകൾ evaluation.ods എന്ന ഫയലിൽ രേഖപ്പെടുത്തുന്നു. മികച്ച ഗ്രൂപ്പിനെ അഭിനന്ദിക്കുന്നു. ശേഷം ആനിമേഷൻ ക്ലാസ് ആരംഭിക്കുകയും ടുപി ട്യൂബ് ഡസ്ക് പരിചയപ്പെടുത്തുന്നു . തുടർന്ന് കുട്ടികളോട് ആനിമേഷൻ ചെയ്തു കാണിക്കാൻ ആവശ്യപ്പെടുകയും അവർ ആവേശത്തോടെ ആനിമേഷൻ ടുപി ട്യൂബ് ഡസ്ക് സോഫ്റ്റ്വാറിൽ പരിശീലിക്കുന്ന .

ആദ്യം ചെയ്തു തീർത്ത കുട്ടികൾക്ക് വ്യക്തിഗത സ്കോർ നല്കുകയും ചെയ്തു . ഉച്ചയ്ക്ക് 12.45 ന് ഉച്ചഭക്ഷണത്തിനായി പിരിഞ്ഞു.



ഉച്ചയൂണിനു ശേഷം കൃത്യം 1.45 ന് തന്നെ ക്യാമ്പ് പുനരാരംഭിച്ചു. അടുത്ത സെക്ഷനിൽ സ്ക്രാച്ചിന്റെ



ക്ലാസ് എടുത്തു. സ്ക്രാച്ചിലെ കാർ ഗെയിം ഉണ്ടാക്കുന്ന പ്രവർത്തനം ആവേശപൂർവ്വം തയ്യാറാക്കി വീണ്ടും പഠിപ്പിച്ച ഭാഗങ്ങൾ ചെയ്തു നോക്കാൻ കുട്ടികൾക്ക് നിർദ്ദേശം നൽകി. എല്ലാ



പ്രവർത്തനങ്ങളിലും കുട്ടികൾ ഉത്സാഹപൂർവ്വം പങ്കെടുത്തു ക്യാമ്പിനെ സജീവമാക്കി. തുടർന്ന് മൊബൈൽ ആപ്പ് ഇൻവെന്ററിന്റെ വീഡിയോ കുട്ടികൾക്ക് കാണിച്ചുകൊടുത്തു. ശേഷം അവരുടെ വ്യക്തിഗത സ്കോറിന്റെയും ഗ്രൂപ്പ് സ്കോറിന്റെയും അടിസ്ഥാനത്തിൽ എല്ലോ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിച്ചു.

Little Kites Unit Camp 2021-22

Name of School: Vimala Hridaya GHSS Pattathanam KLM. Date : 20.01.2022

| No | General | | Animation | | | | Programming | | | | Total |
|---|---|---|---|---|---|---|---|---|---|---|---|
| | Activity 1 (10) | Activity 2 (10) | Activity 1 (10) | Activity 2 (10) | Activity 3 (10) | Activity 4 (10) | Activity 1 (10) | Activity 2 (10) | Activity 3 (10) | Activity 4 (10) | 100 |
| BLUE | 0 | 10 | 10 | 5 | 1 | 7 | 10 | 3 | 3 | 1 | 50 |
| GREEN | 10 | 5 | 7 | 5 | 10 | 1 | 7 | 10 | 10 | 10 | 75 |
| WHITE | 10 | 3 | 3 | 3 | 5 | 3 | 5 | 5 | 3 | 3 | 43 |
| RED | 10 | 5 | 5 | 7 | 3 | 3 | 5 | 3 | 5 | 5 | 51 |
| YELLOW | 10 | 7 | 10 | 10 | 7 | 10 | 3 | 7 | 7 | 7 | 78 |

കൃത്യം 3. 30 ന് ഡി.ആർ.സി തലത്തിലുള്ള ഗൂഗിൾ മീറ്റ് കവിത ടീച്ചറുടെ നേതൃത്വത്തിൽ ആരംഭിച്ചു.കൊല്ലം സബ് ജില്ലയിലെ എല്ലാ സ്കൂളുകളും മീറ്റിംഗിൽ പങ്കെടുത്തു. പ്രസ്തുത യോഗത്തിൽ ക്യാമ്പിനെ കുറിച്ചുള്ള അവലോകനം നടത്തി. വിമലഹൃദയ സ്കൂളിനെ പ്രതിനിധീകരിച്ച് സിസ്റ്റർ ജോസ്ലിൻ വിദ്യാർത്ഥികളുടെ പ്രതിനിധികളായി നീനയും നേഹയും നിരഞ്ജനയും ക്യാമ്പിൽ നിന്നും അവർക്കുണ്ടായ അനുഭവം പങ്കുവെച്ചു. എല്ലാ സ്കൂളുകളുടേയും



അവലോകനത്തിന് ശേഷം കൃത്യം 4.30 നോടുകൂടി ക്യാമ്പ് അവസാനിച്ചു. കുട്ടികൾക്ക് പുത്തൻ അനുഭവം പകർന്നു നൽകാൻ ഈ ക്യാമ്പിന് സാധിച്ചു.

